മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

<u>സംഗ്രഹം</u>

ബിരുദ ബിരുദാനന്തര ബിരുദ പരീക്ഷകൾക്ക് ചോദ്യ ബാങ്ക് തയ്യാറാക്കിയ അദ്ധ്യാപകർ ക്ക് പ്രതിഫലം നൽകുന്നത് സംബന്ധിച്ചുള്ള പരീക്ഷകൾക്കായുള്ള സിണ്ടിക്കേറ്റ് ഉപസമിതി തീരുമാനം - അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പരീക്ഷാ വിഭാഗം ബി 11 സെക്ഷൻ**

നമ്പർ. 4352/EB 11/2019/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 17.09.2019

---

പരാമർശം:-1. 30 .04 .2019 ലെ ഇനം നമ്പർ ഒ.എ.19 / 19 .03 പ്രകാരമുള്ള സിണ്ടിക്കേറ്റ് തീരുമാനം

2. 09 -07-2019 ലെ ഇനം നമ്പർ DDFS -16717/ 2019 പ്രകാരമുള്ള സിണ്ടിക്കേറ്റ് ഉപസമിതി തീരുമാനം

3. 16-08 -2019 ലെ ഇനം നമ്പർ DDFS -16717/ 2019 പ്രകാരമുള്ള സിണ്ടിക്കേറ്റ് ഉപസമിതി തീരുമാനം

<u>**ഉത്തരവ്**</u>

സർവകലാശാല നടത്തുന്ന വിവിധ ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് 2018-2019 മുതൽ ഓൺലൈൻ സംവിധാനത്തിലൂടെ ചോദ്യബാങ്കിൽ നിന്നും തയ്യാറാക്കുന്ന ചോദ്യപേപ്പർ ഉപയോഗിച്ച് പരീക്ഷകൾ നടത്തിവരികയാണ്.

ഇങ്ങനെ ചോദ്യ ബാങ്ക് തയ്യാറാക്കുന്ന അധ്യാപകർക്ക് ഒരു ചോദ്യ ബാങ്കിനു 3000/- രൂപാ (മൂവായിരം രൂപാ മാത്രം) പ്രതിഫലം നൽകുവാൻ പരാമർശം (1) പ്രകാരം 30.04.2019 ൽ കൂടിയ സിണ്ടിക്കേറ്റ് യോഗത്തിൽ തീരുമാനിച്ചിരുന്നു. ഈ തീരുമാനത്തിനു കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ കൂടി ചേർക്കുവാൻ പരാമർശം (2), (3) പ്രകാരം പരീക്ഷകൾക്കായുള്ള സിണ്ടിക്കേറ്റ് ഉപസമിതി ശിപാർശ ചെയ്തിരുന്നു.

1. ഈ തീരുമാനം 2019 മാർച്ച് /ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന CBCS 2 / 4 സെമസ്റ്റർ ബിരുദപരീക്ഷകൾ മുതൽ എല്ലാ പരീക്ഷകൾക്കും ബാധകമാണ്.
2. 2019 ഒക്ടോബർ/നവംബർ മാസങ്ങളിൽ ആരംഭിക്കുന്ന ബിരുദാനന്തര ബിരുദ പരീക്ഷകൾ മുതൽ എല്ലാ പരീക്ഷകൾക്കും ബാധകമാണ്.
3. ഓരോ ചോദ്യപേപ്പർ കോഡിലുമുള്ള ബാങ്കിന് 3000/- (മൂവായിരം രൂപാ) വീതം അനുവദിക്കാവുന്നതാണ്. പ്രസ്തുത തുക സിലബസ് റൈറ്റ്സ് അനുവദിച്ചുകൊടുത്തിട്ടുള്ള അധ്യാപകർക്ക് നൽകാവുന്നതാണ്.

ഈ ശുപാർശകൾ ബഹുമാനപ്പെട്ട വൈസ് ചാൻസിലർ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്ട് 1985 ലെ വകുപ്പ് 3 .10 (17 )പ്രകാരമുള്ള അധികാരം വിനിയോഗിച്ച് അംഗീകരിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹരി പി

അസിസ്റ്റന്റ് രജിസ്ട്രാർ 21 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

വൈസ് ചാൻസിലർ ,പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറി മാർ
രജി സ്ട്രാറുടെ പി എ
പരീക്ഷാകൺട്രോളറുടെ പി എ
Ac C സെക്ഷൻ

Draft #4 of File 16717/EB11 SO/2019/AC C 1 Approved by ASSISTANT REGISTRAR XXI (EXAM) on 16-Sep-2019 03:46 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം